# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.49** **26.04.2017-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി**

| | ചോദ്യം<br>ശ്രീ.കെ.എം.മാണി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പ്രവാസി ചിട്ടി നടത്തുവാൻ കെ.എസ്.എഫ്.ഇ.യ്ക്ക് റിസർവ് ബാങ്ക് അനുമതി നൽകിയത് എന്നാണ്; അത് സംബന്ധിച്ച് റിസർവ് ബാങ്ക് നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | റിസർവ് ബാങ്കിന്റെ 02.03.2015 ലെ Notification No. FEMA. 337/2015-RB പ്രകാരം ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് റെഗുലേഷൻ 2000 ത്തിൽ വരുത്തിയ ഭേദഗതി പ്രകാരം പ്രവാസി ഇന്ത്യക്കാർക്ക് ബാങ്കിംഗ് ഉപാധികൾ വഴി ചിട്ടിയിൽ ചേരാവുന്നതാണ്. പ്രസ്തുത നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 1980 ലെ കേന്ദ്ര ചിട്ടി നിയമവും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടെ വ്യവസ്ഥകളും അനുസരിച്ചാണോ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി നടത്തുന്നത്; ഇല്ലെങ്കിൽ ഏതെല്ലാം വ്യവസ്ഥകൾക്ക് റിസർവ് ബാങ്ക് ഇളവ് അനുവദിച്ചിട്ടുണ്ട്; | (ബി) | 1982 ലെ കേന്ദ്ര ചിട്ടി നിയമവും അതിനു കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളും, 29.07.2015-ലെ G.O.(MS) No.136/2015/TD ലെ വ്യവസ്ഥകളും അനുസരിച്ചാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി വിഭാവനം ചെയ്യുന്നത്. |
| (സി) | കെ.എസ്.എഫ്.ഇ. യ്ക്ക് പ്രവാസി ചിട്ടികൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; പ്രവാസി ചിട്ടി നടത്തുന്നതിന് കെ.എസ്.എഫ്.ഇ. എന്തെല്ലാം പരസ്യങ്ങൾ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | റിസർവ് ബാങ്കിന്റെ 02.03.2015 ലെ Notification No. FEMA. 337/2015-RB പ്രകാരം പ്രവാസികളെ ചിട്ടിയിൽ ചേർക്കുന്നതിന് 29.07.2015-ലെ G.O(MS)No.136/2015/TD പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രവാസി ചിട്ടി നടത്തുന്ന രീതിയെപ്പറ്റി അന്തിമ രൂപമായിട്ടില്ല. ആയതിനാൽ കെ.എസ്.എഫ്.ഇ. പരസ്യങ്ങൾ ഒന്നും നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.എഫ്.ഇ. ചിട്ടി നടത്തുന്നതിനുള്ള സെക്യൂരിറ്റി തുകയും ചിറ്റാളന്മാരായ പ്രവാസികളിൽ നിന്ന് പിരിക്കുന്ന ചിട്ടി തുകകളും കിഫ്ബിയുടെ നിധിയിൽ നിക്ഷേപിക്കുന്നതിലേക്കായി സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ഡി) & (ഇ) | പ്രവാസി ചിട്ടി ആരംഭിച്ചിട്ടില്ല. അതുകൊണ്ടു തന്നെ പ്രവാസികളിൽ നിന്ന് പിരിക്കുന്ന ചിട്ടിത്തുകകൾ കിഫ്ബിയിലേയ്ക്ക് നിക്ഷേപിച്ചു തുടങ്ങിയിട്ടില്ല. |
| (ഇ) | ഇതിലേക്ക് കേന്ദ്രസർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്? | | |

Jeyant

**സെക്ഷൻ ഓഫീസർ.**

ரமேஷ்ரா ஸரை.

RESERVE BANK OF INDIA
Foreign Exchange Department
Central Office
Mumbai- 400 001

Notification No. FEMA. 337/2015-RB

Dated March 02, 2015

**Foreign Exchange Management (Permissible Capital Account Transactions) (Second Amendment) Regulations, 2015**

In exercise of the powers conferred by sub-section (2) of Section 6, sub-section (2) of Section 47 of the Foreign Exchange Management Act 1999 (42 of 1999), the Reserve Bank of India makes, in consultation with the Central Government, the following amendments in the Foreign Exchange Management (Permissible Capital Account Transactions) Regulations, 2000 (Notification No. FEMA 1/2000-RB dated 3rd May 2000) namely:-

1. **Short Title & Commencement**:-

(i) These Regulations may be called the Foreign Exchange Management (Permissible Capital Account Transactions) (Second Amendment) Regulations, 2015

(ii) They shall come into force from the date of their publication in the Official Gazette.

2. **Amendment to the Regulation**

In the Foreign Exchange Management (Permissible Capital Account Transactions) Regulations 2000 (Notification No. FEMA 1/2000-RB dated 3rd May 2000), in Regulation 4, in sub- regulation (b),

(i) the existing 'explanation' shall be numbered as (i) and

(ii) the following new explanation shall be added ,namely:

"(ii) The Registrar of Chits or an officer authorised by the state government in this behalf, may, in consultation with the State Government concerned, permit any chit fund to accept subscription from Non-resident Indians. Non- resident Indians shall be eligible to subscribe, through banking channel and on non- repatriation basis, to such

chit funds , without limit subject to the conditions stipulated by the Reserve Bank of India from time to time"

(B.P.Kanungo)
**Principal Chief General Manager**

**Foot Note:**
The Principal Regulations were published in the Official Gazette vide No. G.S.R. No.384 (E) dated May 5, 2000 in Part II, Section 3, sub-section (i) and subsequently amended vide:
G.S.R.207 (E) dated March 23, 2004
G.S.R.14 (E) dated January 5, 2008
G.S.R.551 (E) dated August 14, 2013
G.S.R. 488 (E) dated July 11, 2014

Published in the Official Gazette of Government of India – Extraordinary Part-II, Section 3, Sub-Section (i) dated 13.04.2015- G.S.R.No.283(E)